പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ * 268 — 19/06/2014 ൽ മറുപടിയ്ക്ക്

## ജലാശയങ്ങളുടെ സ്കെച്ചുകളും പ്ലാനുകളും കാലോചിതമായി പരിഷ്കരിക്കുന്നതിന് നടപടി

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. പി. ഉബൈദുള്ള<br>ശ്രീ. സി.മമ്മൂട്ടി<br>ശ്രീ. വി.എം. ഉമ്മർ മാസ്റ്റർ<br>ശ്രീ. എൻ.എ നെല്ലിക്കുന്ന് | ശ്രീ. അടൂർ പ്രകാശ്.<br>(റവന്യൂവും കയറും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തെ കായലുകൾ, തടാകങ്ങൾ, മറ്റു ജലസംഭരണികൾ എന്നിവ സംബന്ധിച്ച് കേരളപ്പിറവിക്കു മുൻപ് റവന്യു വകുപ്പിന്റെ കൈവശമുള്ള സ്കെച്ചുകളും, പ്ലാനുകളും എപ്പോഴെങ്കിലും പുന:പരിശോധനക്ക് വിധേയമാക്കിയിട്ടുണ്ടോ; വിശദമാക്കുമോ; | (എ) സർവ്വേയും ഭൂരേഖയും വകുപ്പ് പുനഃപരിശോധിച്ചിട്ടില്ല. എന്നാൽ റീസർവ്വേ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട വില്ലേജുകളിൽ എല്ലാ സർക്കാർ ഭൂമിയും അതിൽ ഉൾപ്പെട്ടു വരുന്ന വാട്ടർബോഡി ഉൾപ്പെടെ വ്യക്തമായ പുനഃപരിശോധനയ്ക്ക് വിധേയമാക്കുന്നുണ്ട്. |
| (ബി) ഇവയുടെ പകർപ്പുകളോ വിവരങ്ങളോ ജലവിഭവ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയിട്ടുണ്ടോ; എങ്കിൽ അതു സംബന്ധിച്ച് വിശദവിവരം നൽകുമോ; | (ബി) ഇതര വകുപ്പുകൾ ആവശ്യപ്പെടുന്ന മുറയ്ക്ക് സർവെ മാപ്പുകളും റിക്കാർഡുകളും ലഭ്യമാക്കി വരുന്നു. എന്നാൽ വാട്ടർ ബോഡി സംബന്ധിച്ച് പ്രത്യേകമായി റിക്കാർഡുകൾ ജലവിഭവ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് സർവ്വേ വകുപ്പിൽ നിന്നും കൈമാറിയിട്ടില്ല. |
| (സി) ഇത്തരം സ്കെച്ചുകളും, പ്ലാനുകളും അനുബന്ധ വിവരങ്ങളും ക്രോഡീകരിച്ച് ഡിജിറ്റൈസ് ചെയ്ത് പ്രസിദ്ധപ്പെടുത്താൻ നിർദ്ദേശം നൽകുമോ? | (സി) ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ